**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2016- ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

**ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ മൈനോരിറ്റി കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ പട്ടിക പ്രസിദ്ധീകരിച്ചു.**

2016-ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിൽ ഉൾപ്പെടുന്ന ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ കോളേജ് തിരിച്ചുള്ള ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **16.09.2016 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം
10.09.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**